"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആഭ്യന്തര വകുപ്പ്-കേരള അഗ്നിരക്ഷാ സേവനം- പത്തനംതിട്ട അഗ്നിരക്ഷാ നിലയത്തിൽ ജോലി ചെയ്യവരവേ, 22/10/2020 ൽ ഡ്യൂട്ടിക്കിടയിൽ അപകടമരണം സംഭവിച്ച ഫയർ & റസ്ക്യൂ ഓഫീസർ ആർ. ആർ. ശരത്തിന്റെ ആശ്രിതർക്ക് ആശ്വാസ ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര(എഫ്) വകുപ്പ്**

സ.ഉ.(കൈ) നം.136/2024/HOME    തീയതി,തിരുവനന്തപുരം, 26-06-2024

---

പരാമർശം:- അഗ്നിരക്ഷാ സേവന വകുപ്പ് ഡയറക്ടർ ജനറലിന്റെ 02/11/2020 ലെ E2-7572/2020 നം കത്ത്.

**<u>ഉത്തരവ്</u>**

അഗ്നിരക്ഷാ സേവന വകുപ്പിൽ പത്തനംതിട്ട നിലയത്തിൽ ജോലി ചെയ്യവരവേ 22/10/2020 ന് പമ്പയാറ്റിൽ അകപ്പെട്ട ഒരാളുടെ ജീവൻ രക്ഷിക്കുന്നതിനുള്ള ഔദ്യോഗിക കൃത്യ നിർവഹണത്തിന്റെ ഭാഗമായി രക്ഷാ പ്രവർത്തനം നടത്തുന്നതിനിടെ മരണപ്പെട്ട ആർ. ആർ. ശരത്തിന്റെ കുടുംബത്തിന്റെ സംരക്ഷണത്തിനായി ധനസഹായം അനുവദിക്കണമെന്ന് കേരള ഫയർ സർവീസ് അസോസിയേഷൻ ജനറൽ സെക്രട്ടറി നിവേദനം നൽകിയതിന്റെ അടിസ്ഥാനത്തിൽ ആർ. ആർ. ശരത്തിന്റെ ആശ്രിതർക്ക് ധനസഹായം അനുവദിക്കണമെന്ന് അഗ്നിരക്ഷാ സേവന വകുപ്പ് ഡയറക്ടർ ജനറൽ പരാമർശം പ്രകാരം ശിപാർശ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള അഗ്നിരക്ഷാ സേവന വകുപ്പിൽ പത്തനംതിട്ട നിലയത്തിലെ ഫയർ ആന്റ് റസ്ക്യൂ ഓഫീസറായിരിക്കെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടയിൽ 22/10/2020 ന് മരണപ്പെട്ട ആർ. ആർ. ശരത്തിന്റെ ആശ്രിതർക്ക് 10 ലക്ഷം രൂപ എക്സ് ഗ്രേഷ്യ ധനസഹായം, ഒരു പ്രത്യേക കേസായി പരിഗണിച്ച് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

ഡയറക്ടർ ജനറൽ, ഫയർ & റസ്ക്യൂ സർവീസസ്, തിരുവനന്തപുരം
ശ്രീമതി.അഖില.എ (W/o ആർ.ആർ.ശരത്ത്) (ഡയറക്ടർ ജനറൽ മുഖേന)
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്), തിരുവനന്തപുരം
ധനകാര്യ വകുപ്പ് (1709945/Exp-C1/14/2021-Fin)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ & പി ആർ ഡി
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Shabeer S
Date: 26-06-2024 18:47:25
സെക്ഷൻ ഓഫീസർ